LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എ. മാധവൻ : സർ, കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഹ്രസ്വകാല വായ്പ പലിശരഹിത വായ്പയായി കിട്ടുക എന്നുള്ളത് വലിയ ആശ്വാസമാണ്. പക്ഷേ സർക്കാർ അല്ലെങ്കിൽ നബാർഡ്വഴി പ്രഖ്യാപിക്കുന്ന ഇത്തരം ആനുകൂല്യങ്ങൾ അർഹതപ്പെട്ടവന്റെ അടുത്തേയ്ക്ക് എത്തുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങളുടെ ഭരണസമിതിയുടെ കാരുണ്യത്തിനുകൂടി വിധേയമായി മാത്രമേ പല സ്ഥലത്തും ലഭ്യമാകുന്നുള്ളൂ. ഇത്തരം നീതി നിഷേധിക്കുന്ന ഒട്ടേറെ അനുഭവങ്ങൾ താഴെത്തട്ടിൽ ഉണ്ടാകുകയും അവരൊക്കെ പരാതിപ്പെട്ടിക്ക് കൈയുംകാലും വച്ചതുപോലെ നടുറോഡിലൂടെ നടക്കുകയുമാണ്. സർക്കാർ പ്രഖ്യാപിക്കുന്ന ഇത്തരം ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് യഥാവസരം കിട്ടുന്ന എന്നുറപ്പ് വരുത്താൻ സർക്കാർ തലത്തിൽ തന്നെ ഒരു പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, സഹകരണ സംഘങ്ങളുടെ വായ്പാ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ട്. ചുരുക്കം ചില സ്ഥലങ്ങളിൽ ഇല്ലായിരിക്കാം, ഇല്ലെന്ന് പറയുന്നില്ല. ബഹുമാനപ്പെട്ട അംഗം ആ കാര്യങ്ങൾ പരിശോധിച്ച് എന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ, ഗവൺമെന്റ് കൊടുക്കുന്ന ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് ഏതെങ്കിലും സഹകരണ സംഘങ്ങളോ അതിന്റെ പ്രവർത്തകരോ പ്രവർത്തിക്കുന്നുണ്ടെങ്കിൽ തീർച്ചയായും അതിനെ ഗുരുതരമായി കണക്കാക്കി വേണ്ട നടപടി എടുക്കുമെന്നുകൂടി അങ്ങയെ അറിയിക്കുകയാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ

3 (*33) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സർക്കാരിന്റെ പരിശോധനാ വിഭാഗങ്ങളടക്കം പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെക്കുറിച്ച് നടത്തിയിട്ടുള്ള പരാമർശങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ബഹുഭ്രരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും തകർച്ച നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ,

(എ) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് ആവശ്യമായ നയസമീപനങ്ങളും നടപടികളുമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മാസംതോറും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രത്യേക അവലോകന നിരീക്ഷണ സംവിധാനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതിയും വകുപ്പുമന്ത്രി തലത്തിലും പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും അവലോകനം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പരിശോധനാ വിഭാഗമായ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെയും, Comptroller & Auditor General-ന്റെ റിപ്പോർട്ട് പ്രകാരവും സ്ഥാപനങ്ങളുടെ പ്രവർത്തനത്തേയും സാമ്പത്തിക ഇടപാടുകളെയും കുറിച്ചുള്ള പരാമർശങ്ങൾ ഉണ്ടെങ്കിൽ അത് വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ കമ്പനി തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം തന്നെ പൊതുമേഖലാ സ്ഥാപനങ്ങളെ കുറിച്ചുള്ള നിയമസഭാ സമിതിയുടെ നിർദ്ദേശങ്ങളും പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ആഗോള തലത്തിലുള്ള വ്യവസായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ നാല് വർഷമായി കാഴ്ചവച്ചിട്ടുള്ളത്. ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തെയും വർദ്ധിച്ച ഉൽപ്പാദന ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രധാന കാരണം. എന്നിരുന്നാലും മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. സി. കെ. സദാശിവൻ : സർ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഗുരുതരമായ പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. 95 പൊതുമേഖലാ സ്ഥാപനങ്ങളിൽ 48 എണ്ണവും നഷ്ടത്തിലാണിപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. താങ്കളുടെ ഭരണകാലത്ത് വിറ്റുവരവിലും ലാഭത്തിലും വൻ കുറവുണ്ടായിരിക്കുകയാണ്. നിരീക്ഷണവും അവലോകനവും മുറയ്ക്ക് നടക്കുന്നുണ്ടെന്ന് അങ്ങയുടെ ഉത്തരത്തിൽ പറയുന്നുണ്ട്. ആഗോളവൽക്കരണം ഒരു കാരണമാണെന്ന് പറയുന്നുണ്ട്. ആഗോളവൽക്കരണത്തിന്റെ രാക്ഷസ തിരമാല ആഞ്ഞടിച്ച ഘട്ടത്തിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണത്തിൽ 300 കോടി രൂപയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കിയത് എന്ന് താങ്കൾ മനസ്സിലാക്കണം. കുറെ മുതലാളിമാർ സെക്രട്ടേറിയറ്റിന്റെ ചുറ്റും കഴുകന്മാരെപ്പോലെ നടക്കുന്നുണ്ട്. ഇത് സംരക്ഷിച്ചു നിർത്താൻ, ലാഭകരമാക്കി മാറ്റാൻ എന്ത് നടപടിയാണ് അങ്ങ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, മലബാർ സിമെന്റ്സ്, കെ:എം.എം. എൽ. എന്നീ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ ഒരു വർഷം ആദ്യം കുറേ നഷ്ടമുണ്ടാക്കിയിരുന്നെങ്കിലും ഇപ്പോൾ രണ്ടും നല്ല ലാഭമുണ്ടാക്കുന്നുണ്ട്. മൊത്തം ലാഭത്തിൽ വലിയ കോൺട്രിബ്യൂഷൻ മലബാർ സിമെന്റ്സിന്റെയും കെ.എം.എം.എൽ.-ന്റെയുമായിരുന്നു. ഈ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളും കഴിഞ്ഞ ഒരു വർഷം ആദ്യം കുറേ നഷ്ടമുണ്ടാക്കിയിരുന്നു. ഇപ്പോൾ രണ്ടും നല്ല ലാഭമുണ്ടാക്കുന്നുണ്ട്. ഈ കൊല്ലം വലിയ ലാഭം ഞങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു മാസം മലബാർ സിമെന്റ്സും കെ.എം.എം.എൽ.-ഉം നല്ല ലാഭം ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ കൊല്ലം വലിയ സംഖ്യ സർക്കാരിലേയ്ക്ക് വരും. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് അത്ര വലിയ ലാഭമൊന്നും മുമ്പും കിട്ടിയിട്ടില്ല. 15 പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ നല്ല ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്.

മി. സ്പീക്കർ : ഓർഡർ..... ഓർഡർ..... ചോദ്യോത്തര സമയം കഴിഞ്ഞു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly